## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

(ഹാജർ: ബി.സുനിൽകുമാർ)

**<u>സംഗ്രഹം</u>**

2026 - 2027 കാലയളവിലെ ശബരിമല ഉൾക്കഴകം, പമ്പ, ഒ.റ്റി.സി ഹനുമാൻ, വള്ളിയങ്കാവ്, പി.ഡി മണികണ്ഠേശ്വരം, ആറന്മുള, മലയാലപ്പുഴ എന്നീ ദേവസ്വങ്ങളിലേയ്ക്കുള്ള മേൽശാന്തിമാരുടെ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ROC.27/26/S

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
22/08/2026

---

സൂചന:- 1. ദേവസ്വം ബോർഡ് ആഫീസിലെ 13/10/2025-ലെ ROC.8266/25/VIG നമ്പർ കത്ത്.
2. ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുടെ 18/08/2026-ലെ EOP.990/25/SAB നമ്പർ റിപ്പോർട്ട്.
3. കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 22/08/2026-ലെ 2136 നമ്പർ റിപ്പോർട്ട്.
4. ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 20/08/2026-ലെ 2270 നമ്പർ റിപ്പോർട്ട്
5. ഉള്ളൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 11/08/2026-ലെ 1544 നമ്പർ റിപ്പോർട്ട്.
6. മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 22/08/2026-ലെ 1341/2026 നമ്പർ റിപ്പോർട്ട്.

### <u>ഉത്തരവ്</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് ദേവസ്വങ്ങളായ ഉള്ളൂർ ഗ്രൂപ്പിലെ ഒ.റ്റി.സി ഹനുമാൻ, കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം, മുണ്ടക്കയം ഗ്രൂപ്പിലെ വള്ളിയങ്കാവ്, ആറന്മുള ഗ്രൂപ്പിലെ ആറന്മുള, ശബരിമല ഗ്രൂപ്പിലെ പമ്പ എന്നീ ദേവസ്വങ്ങളിലെ മേൽശാന്തി ലാവണങ്ങളിലേയ്ക്കും ആറന്മുള ഗ്രൂപ്പിലെ മലയാലപ്പുഴ ദേവസ്വത്തിലെ പുറപ്പെടാ മേൽശാന്തി ലാവണത്തിലേയ്ക്കും ശബരിമല ഉൾക്കഴകം തസ്തികയിലേയ്ക്കുമുള്ള 2026 – 2027 കാലയളവിലെ നിയമനത്തിനായി 04/08/2026, 05/08/2026 എന്നീ തീയതികളിൽ നടത്തിയ കൂടിക്കാഴ്ചയിൽ പങ്കെടുത്തവരിൽ നിന്നും അതത് ദേവസ്വങ്ങളിൽ 60-ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ചവരെ ഉൾപ്പെടുത്തി 11/08/2026, 14/08/2026, 17/08/2026, 18/08/2026 തീയതികളിൽ അതത് ദേവസ്വങ്ങളിൽ വച്ച് നറുക്കെടുപ്പ് നടത്തി മേൽശാന്തിമാരെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. മേൽപ്രകാരം തെരഞ്ഞെടുക്കപ്പെട്ട മേൽശാന്തിമാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

(മറുപുറം..)

| ക്രമ നമ്പർ | പേര്, ദേവസ്വം, ഗ്രൂപ്പ് | നിയമനം ലഭിച്ച ദേവസ്വം, ഗ്രൂപ്പ് |
|---|---|---|
| 1. | ശ്രീ.ബി.ഗണേഷ്പ്രസാദ്<br>കാവല്ലൂർക്കോണം ദേവസ്വം, ഉള്ളൂർ ഗ്രൂപ്പ്. | ഉൾക്കഴകം<br>ശബരിമല ദേവസ്വം |
| 2. | ശ്രീ.ശ്രീകുമാരൻ നമ്പൂതിരി.എം.എസ്<br>അമ്പലത്തുംഭാഗം ദേവസ്വം<br>കരുനാഗപ്പള്ളി ഗ്രൂപ്പ് | മേൽശാന്തി<br>പമ്പ ദേവസ്വം |
| 3. | ശ്രീ.ഗിരീഷ്കുമാർ.എസ്<br>പടനായർകുളങ്ങര ദേവസ്വം<br>കരുനാഗപ്പള്ളി ഗ്രൂപ്പ് | മേൽശാന്തി<br>പമ്പ ദേവസ്വം |
| 4. | ശ്രീ.ശങ്കരൻ നമ്പൂതിരി.വി.എസ്<br>അയിരൂർ പുതിയകാവ് ദേവസ്വം<br>ആറന്മുള ഗ്രൂപ്പ് | മേൽശാന്തി<br>ആറന്മുള ദേവസ്വം, ആറന്മുള ഗ്രൂപ്പ് |
| 5. | ശ്രീ.ജി.അനിൽകുമാർ<br>കുന്നന്താനം ദേവസ്വം, തിരുവല്ല ഗ്രൂപ്പ് | പുറപ്പെടാ മേൽശാന്തി<br>മലയാലപ്പുഴ ദേവസ്വം<br>ആറന്മുള ഗ്രൂപ്പ് |
| 6. | ശ്രീ.ബിനു.വി.യു<br>കോമളവല്ലീശ്വരം ദേവസ്വം<br>കരുനാഗപ്പള്ളി ഗ്രൂപ്പ് | മേൽശാന്തി<br>പി.ഡി മണികണ്ഠേശ്വരം ദേവസ്വം<br>കൊട്ടാരക്കര ഗ്രൂപ്പ് |
| 7. | ശ്രീ.രതീഷ്കുമാർ.എൻ<br>മായയക്ഷിക്കാവ് ദേവസ്വം<br>കരുനാഗപ്പള്ളി ഗ്രൂപ്പ് | മേൽശാന്തി<br>വള്ളിയങ്കാവ് ദേവസ്വം<br>മുണ്ടക്കയം ഗ്രൂപ്പ് |
| 8. | ശ്രീ.ജയകൃഷ്ണൻ.എൽ<br>പാൽക്കുളങ്ങര ദേവസ്വം<br>തിരുവനന്തപുരം ഗ്രൂപ്പ് | മേൽശാന്തി<br>ഒ.റ്റി.സി ഹനുമാൻ ദേവസ്വം<br>ഉള്ളൂർ ഗ്രൂപ്പ് |

ടി ശാന്തിക്കാരെ **01/09/2026** മുതൽ **31/08/2027** വരെയുള്ള കാലയളവിലേയ്ക്ക് അതത് ദേവസ്വങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു. എന്തെങ്കിലും കാരണവശാൽ **01/09/2026**-ന് ചുമതലയേൽക്കാൻ കഴിഞ്ഞില്ലെങ്കിലും ടി ജീവനക്കാരുടെ മേൽശാന്തിമാരായിട്ടുള്ള സേവനം **31/08/2027** വരെ മാത്രമായിരിക്കും.

കൂടാതെ, സൂചന (1) ബോർഡ് ഉത്തരവ് പ്രകാരം പമ്പ ദേവസ്വത്തിലെ മേൽശാന്തിമാരുടെ സഹായികളായി നിയോഗിക്കപ്പെടുന്നവരുടെ പേര് വിവരങ്ങളും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ദേവസ്വം വിജിലൻസ് മുൻപാകെ ഹാജരാക്കേണ്ടതാണ്. ശബരിമല ഉൾക്കഴകത്തിന്റെ സഹായികളുടെ നിയമനം ബഹു:കേരള ഹൈക്കോടതിയുടെ ഉത്തരവുകൾക്കും ബോർഡ് ഉത്തരവുകൾക്കും വിധേയമായിരിക്കും.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
5. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
6. ഐ.റ്റി സെക്ഷൻ
7. സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.22/08